**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1306** **18-01-2021 - ൽ മറുപടിയ്ക്ക്**

**പാഠപുസ്തക വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ.വി.അബ്ദുൾ ഖാദർ | | Prof. C. Raveendranath<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | അദ്ധ്യയനവർഷാരംഭത്തിൽ പാഠപുസ്തകങ്ങളുടെ അച്ചടി പൂർത്തീകരിക്കുന്നതിന് മാതൃകാപരമായ പ്രവർത്തനം കാഴ്ച വയ്ക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; | (എ) | 2020-21 അദ്ധ്യയന വർഷത്തേയ്ക്ക് ആവശ്യമായ പാഠപുസ്തകങ്ങൾ ഇതിനകം വിതരണം പൂർത്തീകരിച്ചിട്ടുണ്ട്. 2021-22 അദ്ധ്യയന വർഷത്തേയ്ക്ക് ആവശ്യമായ ഒന്നു മുതൽ 10 വരെ ക്ലാസ്സുകളിലേയ്ക്കുള്ള പാഠപുസ്തകങ്ങൾ മൂന്ന് വാല്യങ്ങളായി അച്ചടിച്ച് വിതരണം ചെയ്യുന്നതിന് സർക്കാർ ഏജൻസിയായ കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റി (കെ.ബി.പി.എസ്) യെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കെ.ബി.പി.എസ് -ന് നിർദ്ദേശം നൽകി അച്ചടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അദ്ധ്യയന വർഷം ആരംഭിക്കുന്നതിനു മുമ്പ് തന്നെ പാഠപുസ്തകങ്ങൾ സ്കൂളുകളിൽ എത്തിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുമുണ്ട്. ഹയർസെക്കണ്ടറി പാഠപുസ്തകങ്ങൾ സർക്കാർ അനുമതിയോടെ സംസ്ഥാന സർക്കാരിനു കീഴിലുള്ള സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് & ട്രെയിനിംഗ് (സി-ആപ്റ്റ് കേരള) ആണ് അച്ചടിച്ച് സ്കൂൾ തലത്തിൽ വിതരണം ചെയ്തു വരുന്നത്. കൈറ്റ് മുഖാന്തിരം സ്കൂളുകളിൽ നിന്നും ഓൺലൈൻ ഇന്റന്റ് നേരത്തെ തന്നെ ശേഖരിച്ച് സി-ആപ്റ്റ് അധികൃതർക്ക് കൈമാറി ആയതിന്റെ അടിസ്ഥാനത്തിൽ അച്ചടി പൂർത്തിയാക്കി അതത് സ്കൂളുകളിൽ നേരിട്ട് വിതരണം ചെയ്തു വരുന്ന രീതിയാണ് 2007-08 മുതൽ നിലവിലുള്ളത്. അടുത്ത അധ്യയന വർഷത്തേക്കുള്ള പാഠപുസ്തക അച്ചടിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നു വരുന്നു. പുസ്തകങ്ങൾ അധ്യയന വർഷാരംഭത്തിന് മുമ്പ് തന്നെ സ്കൂളുകളിൽ വിതരണത്തിന് എത്തിക്കുന്ന രീതിയിൽ പ്രവർത്തനങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. |
| (ബി) | ഓരോവർഷവും പാഠപുസ്തകങ്ങൾ സമയബന്ധിതമായി അച്ചടി പൂർത്തീകരിച്ച് | (ബി) | കഴിഞ്ഞ 3 വർഷങ്ങളിലായി പാഠപുസ്തകങ്ങളുടെ പേപ്പർ പർച്ചേസ്, അച്ചടി, വിതരണം എന്നിവയുടെ |

| | | | |
|---|---|---|---|
| | കൃത്യമായി വിതരണം ചെയ്യുന്നതിനായി ചെലവഴിച്ച തുക എത്ര വീതമെന്ന് അറിയിക്കാമോ? | | ചെലവിലേയ്ക്കായി ശരാശരി 112,000,0000 (നൂററി പന്ത്രണ്ട് കോടി) രൂപയോളം ചെലവ് വരുന്നുണ്ട്. പേപ്പർ പർച്ചേസ് : 83 കോടി അച്ചടി : 24 കോടി വിതരണം : 5 കോടി ആകെ : 112 കോടി ഹയർസെക്കണ്ടറി പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും സംസ്ഥാന സർക്കാരിനു കീഴിലുള്ള സി-ആപ്റ്റ് ആണ് 2007-08 മുതൽ സർക്കാർ അനുമതിയോടെ നിർവ്വഹിച്ചു വരുന്നത്. ഇതിലേക്കായി സർക്കാരിൽ നിന്നും തുകയൊന്നും തന്നെ അനുവദിക്കുന്നില്ല. പാഠപുസ്തകങ്ങൾ വിലയീടാക്കിയാണ് വിദ്യാർത്ഥികൾക്ക് നൽകുന്നത്. പുസ്തകങ്ങൾ വിദ്യാർത്ഥികൾക്ക് നൽകി തുക ശേഖരിച്ച് പ്രിൻസിപ്പാൾമാർ സി-ആപ്റ്റിലേയ്ക്ക് ഒടുക്കുന്ന രീതിയാണ് നിലവിലുള്ളത്. |

സെക്ഷൻ ഓഫീസർ